# Std. 4 - Chapter 9 - Revision - Main points
## പാഠം 9 – അനുരഞ്ജിതരായ് തീർന്നിടാം

| | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ഈശോ പറഞ്ഞ ഉപമയിൽ ഒരു മനുഷ്യന് എത്ര പുത്രന്മാരാണ് ഉണ്ടായിരുന്നത്? | രണ്ടു പുത്രന്മാർ. |
| 2 | ഇളയമകൻ തന്റെ സ്വത്ത് മുഴുവൻ എങ്ങനെയാണ് നശിപ്പിച്ചത്? | ധൂർത്തടിച്ച് നശിപ്പിച്ചു. |
| 3 | ദാരിദ്ര്യത്തിലായപ്പോൾ ഇളയമകനെ ആ ദേശത്തെ പൗരൻ എന്ത് ചെയ്യാനാണ് നിയോഗിച്ചത്? | പന്നികളെ മേയ്ക്കാൻ. |
| 4 | വിശന്നപ്പോൾ ഇളയമകൻ എന്ത് തിന്നാനാണ് ആഗ്രഹിച്ചത്? | പന്നി തിന്നിരുന്ന തവിട്. |
| 5 | സുബോധം ഉണ്ടായപ്പോൾ ഇളയമകന് ആരെക്കുറിച്ചാണ് ഓർമ്മ വന്നത്? | തന്റെ സ്നേഹമുള്ള പിതാവിനെയും ഭവനത്തിലെ സുഭിക്ഷതയെയും കുറിച്ച്. |
| 6 | മകനെ ദൂരെ വച്ചുതന്നെ കണ്ടപ്പോൾ പിതാവ് എന്തു ചെയ്തു? | ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ച് ചുംബിച്ചു. |
| 7 | നഷ്ടപ്പെട്ട തന്റെ മകനെ കാത്തിരുന്ന പിതാവിനെപ്പോലെ നമ്മെ കാത്തിരിക്കുന്നത് ആരാണ്? | ദൈവം. |
| 8 | നാം ചെയ്ത തെറ്റുകളെക്കുറിച്ച് നമുക്കുണ്ടാകുന്ന ദുഖഃമാണ് എന്ത്? | മനസ്താപം. |
| 9 | **1. പൂർണ്ണമനസ്താപം എന്നാൽ എന്ത്?** | സ്നേഹം തന്നെയായ ദൈവത്തെ പാപം വഴി വേദനിപ്പിച്ചതിൽ നമുക്കുണ്ടാകുന്ന ആത്മാർത്ഥമായ ദുഃഖവും പാപത്തോടുള്ള വെറുപ്പുമാണ് പൂർണ്ണമനസ്താപം. പാപത്തിന് ദൈവം നൽകുന്ന ശിക്ഷയെ ഭയന്ന് നമ്മിൽ ഉണ്ടാകുന്ന ദുഃഖമോ പാപത്തോടുള്ള വെറുപ്പോ മാത്രം പൂർണ്ണമായ മനസ്താപമാകുന്നില്ല. |
| 10 | സ്നേഹം തന്നെയായ ദൈവത്തിന്റെ കല്പനകൾ ലംഘിക്കുന്നതിനെ എന്തു വിളിക്കുന്നു? | പാപം. |
| 11 | പാപം വഴി നമുക്ക് എന്താണ് നഷ്ടമാകുന്നത്? | ദൈവീകജീവൻ. |
| 12 | **2. എന്താണ് പാപം? പാപം എത്രവിധം?** | സ്നേഹം തന്നെയായ ദൈവത്തിന്റെ കല്പനകൾ ലംഘിക്കുന്നതാണ് പാപം. ഇത് വഴി നമുക്ക് ദൈവീകജീവൻ നഷ്ടമാകുന്നു. പാപം രണ്ടുവിധമുണ്ട്: മാരകപാപവും ലഘുപാപവും. |
| 13 | ലഘുപാപം എന്നാൽ എന്ത്? | ലഘുവായ കാര്യങ്ങളിൽ കല്പന ലംഘിക്കുന്നതും, ഗൗരവമുള്ള കാര്യങ്ങളിൽ പൂർണ്ണമായ അറിവോ സമ്മതമോ കൂടാതെ പ്രവർത്തിക്കുന്നതുമാണ് ലഘുപാപം. |

| | ചോദ്യം | ഉത്തരം |
|---|---|---|
| 14 | മാരകപാപം എന്നാൽ എന്ത്? | പൂർണ്ണമായ അറിവോടും സമ്മതത്തോടും കൂടെ ഗൗരവമുള്ള രീതിയിൽ ദൈവപ്രമാണം ലംഘിക്കുന്നതാണ് മാരകപാപം. |
| 15 | **3. മാരകപാപങ്ങൾക്ക് മോചനം ലഭിക്കുന്നതെങ്ങനെ?** | മാരകമായ പാപങ്ങൾക്ക് അനുരഞ്ജന കൂദാശയിലൂടെ (കുമ്പസാരം) മാത്രമേ മോചനം ലഭിക്കുകയുള്ളൂ. |
| 16 | എല്ലാ പാപങ്ങളിൽ നിന്നും മോചനം നേടുവാനുള്ള കൂദാശ ഏത്? | അനുരഞ്ജനകൂദാശ (കുമ്പസാരം). |
| 17 | ഏത് പാപങ്ങൾക്കാണ് അനുരഞ്ജനകൂദാശയിലൂടെ മാത്രമേ മോചനം ലഭിക്കുകയുള്ളൂ? | മാരകപാപങ്ങൾക്ക്. |
| 18 | പാപങ്ങൾ മോചിക്കാനുള്ള അധികാരം ഈശോ ആർക്കാണ് നൽകിയത്? | അപ്പസ്തോലന്മാർക്ക്. |
| 19 | ഇന്ന് തിരുസഭയിൽ പാപമോചനം നൽകുന്നത് ആരിലൂടെയാണ്? | അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെയും അവർ നിയമിക്കുന്ന വൈദികരിലൂടെയും. |
| 20 | അനുരഞ്ജന കൂദാശയിൽ നാം ആരോടാണ് പാപങ്ങൾ ഏറ്റുപറയുന്നത്? | വൈദികൻവഴി ഈശോയോട് |
| 21 | **4. അനുരഞ്ജനം പൂർണ്ണമാകാൻ നാം എന്തു ചെയ്യണം?** | നാം പാപം വഴി ദൈവത്തെ മാത്രമല്ല, മാതാപിതാക്കളെയും സഹോദരങ്ങളെയും മറ്റുള്ളവരെയും വേദനിപ്പിക്കുന്നുണ്ട്. അതിനാൽ പാപം വഴി നാം വേദനിപ്പിച്ച എല്ലാവരോടും രമ്യപ്പെടുമ്പോഴേ അനുരഞ്ജനം പൂർണ്ണമാകുകയുള്ളൂ. |
| B. | പ്രധാന ബൈബിൾ വാക്യങ്ങൾ | |
| 1 | നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും. (യോഹന്നാൻ 20:23) | |
| 2 | ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുൻപിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക. (മത്തായി 5:23..24) | |